"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരളത്തിൽ നിന്നുള്ള മുൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർക്ക്, ടിയാളുകളുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.33/2026/GAD    തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. 18/02/2021 ലെ എസ്ഡി1/100/2018/ജിഎഡി വിജ്ഞാപനം.
2. ശ്രീ. പ്രദീപ് എൻ പി സമർപ്പിച്ച 24/02/2025 ലെ നിവേദനം.
3. ശ്രീ. അനസ് എടത്തൊടിക സമർപ്പിച്ച 24/02/2025 ലെ നിവേദനം.
4. ശ്രീ. റിനോ ആന്റോ സമർപ്പിച്ച 24/02/2025 ലെ നിവേദനം.
5. 11/09/2023 ലെ സ.ഉ.(കൈ) നം. 144/2023/ജിഎഡി
6. 06/03/2026 ലെ എസ്ഡി1/96/2023/ജിഎഡി പാർട്ട് (1) വിജ്ഞാപനം.
7. 06/03/2026 ലെ സ.ഉ.(അച്ചടി) നം. 6/2026/ജിഎഡി

**<u>ഉത്തരവ്</u>**

മുൻ ഇന്ത്യൻ സീനിയർ ഫുട്ബോൾ ടീം അംഗങ്ങളും വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുള്ളതുമായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ അന്താരാഷ്ട്ര തലത്തിലുള്ള തങ്ങളുടെ കായികനേട്ടങ്ങൾ പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (2), (3), (4) എന്നിവ പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

2. ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ ഇന്ത്യയെ പ്രതിനിധീകരിച്ച് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവരാണ്. ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ 2015 - 2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിച്ച പരാമർശം (1) വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നുവെങ്കിലും വിജ്ഞാപനത്തിലെ വ്യവസ്ഥകൾ

പ്രകാരം അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ പ്രധാന കായികനേട്ടങ്ങൾ 2018 ന് മുമ്പുള്ളതായതിനാൽ ടിയാളുകൾക്ക് 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (6) വിജ്ഞാപനപ്രകാരം അപേക്ഷിക്കാനും സാധിക്കില്ല. ശ്രീ. അനസ് എടത്തൊടിക 2019 ലെ ഏഷ്യാ കപ്പിൽ പങ്കെടുത്തിട്ടുള്ളതിനാൽ ടിയാന് 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിൽ നിയമനം ലഭിക്കാനർഹതയുണ്ട്. 2010 - 2014 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിച്ചിരുന്ന 41 ഒഴിവുകളിലേക്ക് അർഹരായ 41 കായികതാരങ്ങളെ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് പരാമർശം (5) പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവ് പ്രകാരം നിയമനാനുമതി ലഭിച്ചതിൽ രണ്ട് കായികതാരങ്ങൾ ജോലിയിൽ പ്രവേശിച്ചിട്ടില്ല. അർഹരായ അപേക്ഷകരില്ലാത്തതിനാൽ ടി ഒഴിവുകളിൽ നാളിതുവരെ നിയമനം നൽകിയിട്ടുമില്ല.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇന്ത്യയെ പ്രതിനിധീകരിച്ച് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ, ശ്രീ. അനസ് എടത്തൊടിക എന്നിവരെ, ടിയാളുകളുടെ കായികരംഗത്തെ നേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച്, ചുവടെ ചേർക്കും പ്രകാരം, അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ, ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | തസ്തികയും ശമ്പളസ്കെയിലും | വകുപ്പ് |
|---|---|---|---|
| 1. | ശ്രീ. പ്രദീപ് എൻ പി<br>ബ്ലെസ്ഡ് ഹോം, കിഴുത്തള്ളി,<br>താഴെച്ചൊവ്വ, കണ്ണൂർ. | ക്ലാർക്ക്<br>(₹ 26500 - 60700) | ജലസേചന വകുപ്പ് |
| 2. | ശ്രീ. റിനോ ആന്റോ<br>കവലക്കാട്ട്, താഴേക്കാടൻ ഹൗസ്,<br>ജയ നഗർ, കാളത്തോട്, തൃശൂർ. | ക്ലാർക്ക്<br>(₹ 26500 - 60700) | രജിസ്ട്രേഷൻ വകുപ്പ് |
| 3. | ശ്രീ. അനസ് എടത്തൊടിക<br>പുതിയേടത്ത് ഹൗസ്, മുണ്ടപ്പാലം,<br>കൊണ്ടോട്ടി, മലപ്പുറം. | ക്ലാർക്ക്<br>(₹ 26500 - 60700) | പോലീസ് വകുപ്പ് |

4. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ നിയമനം 2010 - 2014 കാലയളവിൽ അർഹരായ അപേക്ഷകരില്ലാത്തതിനാൽ നികത്തപ്പെടാതെ ശേഷിക്കുന്ന രണ്ട് ഒഴിവുകളിൽ ഉൾപ്പെടുത്തിയും, ശ്രീ. അനസ് എടത്തൊടികയുടെ നിയമനം 2020 - 2024 വർഷങ്ങളിലെ ഒഴിവുകളിൽ നിന്നും 2020 ലെ ഒരു ഒഴിവ് കുറവ് വരുത്തി, പ്രസ്തുത ഒഴിവിൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

5. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ, ശ്രീ. അനസ് എടത്തൊടിക

എന്നിവരുടെ നിയമനം പരാമർശം (7) ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

6. ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഭരണം) ശ്രീ. പ്രദീപ് എൻ പി-യ്ക്കും, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീ. റിനോ ആന്റോ-യ്ക്കും, സംസ്ഥാന പോലീസ് മേധാവി ശ്രീ. അനസ് എടത്തൊടിക-യ്ക്കും ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും ബന്ധപ്പെട്ട വ്യക്തികൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും വകുപ്പുമേധാവികൾ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തിയാൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീ. പ്രദീപ് എൻ പി, ബ്ലെസ്ഡ് ഹോം, കിഴുത്തള്ളി, താഴെച്ചൊവ്വ, കണ്ണൂർ.
2. ശ്രീ. റിനോ ആന്റോ, കവലക്കാട്ട്, താഴേക്കാടൻ ഹൗസ്, ജയനഗർ, കാളത്തോട്, തൃശൂർ.
3. ശ്രീ. അനസ് എടത്തൊടിക, പുതിയേടത്ത് ഹൗസ്, മുണ്ടപ്പാലം, കൊണ്ടോട്ടി, മലപ്പുറം.
4. ചീഫ് എഞ്ചിനീയർ (ഭരണം), ജലസേചന വകുപ്പ്, പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം.

5. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം.
6. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
9. പൊതുഭരണ (എസ്.സി) വകുപ്പ്. ( 13/03/2026 ലെ ഇനം നമ്പർ 3935 പ്രകാരം)
10. ധനകാര്യ (വ്യയം-എ) വകുപ്പ്. (12/03/2026 ലെ EXP-A2/137/2026-FIN പ്രകാരം)
11. കായിക യുവജനകാര്യ (എ) വകുപ്പ്. (31/05/2026 ലെ എ2/69/2025/എസ്&വൈ.എ പ്രകാരം)
12. ജലവിഭവ (എ) വകുപ്പ്.
13. ആഭ്യന്തര (എൻ) വകുപ്പ്.
14. നികുതി (ഇ) വകുപ്പ്.
15. ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
16. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/36/2025/ജിഎഡി)

ഉത്തരവിൻ പ്രകാരം
Signed by
Badusha S
Date: 15-03-2026 11:34:31

സെക്ഷൻ ഓഫീസർ

*രഹസ്യം*

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. എസ്.ഡി.1/36/2025-ജിഎഡി. ഇനം നം: 3935

വിഷയം : പൊതുഭരണ വകുപ്പ് - കേരളത്തിൽ നിന്നുള്ള മുൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ.പി., ശ്രീ.അനസ് എടത്തൊടിക, ശ്രീ.റിനോ ആന്റോ എന്നിവർക്ക് അവരുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

3935

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ്.ഡി.1/36/2025-ജിഎഡി |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | കേരളത്തിൽ നിന്നുള്ള മുൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർക്ക് അവരുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30/01/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 12/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരളത്തിൽ നിന്നുള്ള മുൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർക്ക് അവരുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

**2.** ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർ തങ്ങളുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നഭ്യർത്ഥിച്ച് സർക്കാരിൽ പ്രത്യേകം നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. അനസ് എടത്തൊടികയും ശ്രീ. റിനോ ആന്റോ യും 2015 – 2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷകൾ സമർപ്പിച്ചിരുന്നതാണ്. എന്നാൽ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം ടിയാളുകളുടെ നേട്ടങ്ങളൊന്നും നിയമനത്തിനായി പരിഗണിക്കാൻ സാധിക്കുന്നതായിരുന്നില്ല. തുടർന്ന് പ്രാഥമിക പരിശോധനയിൽ തന്നെ ടിയാളുകളുടെ അപേക്ഷകൾ നിരസിക്കുകയുണ്ടായി. ശേഷം ഇവർ നിരവധി അപ്പീലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും എല്ലാം തന്നെ നിരസിക്കുകയാണുണ്ടായത്. ശ്രീ. പ്രദീപ് എൻ പി സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**3.** നിലവിൽ പിന്തുടർന്നുവരുന്ന മാനദണ്ഡങ്ങൾ പ്രകാരം കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച് അർഹരായ കായികതാരങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചാണ്. കൂടാതെ മികച്ച കായികനേട്ടങ്ങളുള്ളവരെ

പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭായോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും നിയമനങ്ങൾ നൽകാറുണ്ട്.

**4.** മേൽ പരാമർശിച്ച കായികതാരങ്ങളുടെ അപേക്ഷകൾ പ്രകാരം ടിയാളുകളുടെ കായികനേട്ടങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

**<u>ശ്രീ. പ്രദീപ് എൻ പി</u>**

ജനനത്തീയതി : 28 ഏപ്രിൽ, 1983

| ക്രമ നം. | ടൂർണമെന്റിന്റെ പേര് | വർഷം | നേട്ടം |
|---|---|---|---|
| 1. | സാഫ് ചാമ്പ്യൻഷിപ്പ് | 2005 | വിന്നർ |
| 2. | സൗത്ത് ഏഷ്യൻ ഗെയിംസ് | 2004 | രണ്ടാം സ്ഥാനം |
| 3. | ലോക കപ്പ് യോഗ്യതാ മത്സരങ്ങൾ | 2006 | പങ്കാളിത്തം |
| 4. | എ.എഫ്.സി ചലഞ്ച് കപ്പ് | 2005 | ടീം ക്യാപ്റ്റൻ |
| 5. | നെഹ്റു കപ്പ് | 2007 | വിന്നർ |
| 6. | എ.എഫ്.സി ചലഞ്ച് കപ്പ് | 2008 | വിന്നർ |
| 7. | നെഹ്റു കപ്പ് | 2009 | വിന്നർ |
| 8. | സാഫ് ചാമ്പ്യൻഷിപ്പ് | 2008 | രണ്ടാം സ്ഥാനം |
| 9. | ഏഷ്യ കപ്പ് | 2011 | പങ്കാളിത്തം |
| 10. | സന്തോഷ് ട്രോഫി | 2004<br>2006<br>2008 | വിന്നർ<br>സെമിഫൈനലിസ്റ്റ്<br>ടീം ക്യാപ്റ്റൻ |

## ശ്രീ. അനസ് എടത്തൊടിക

ജനനത്തീയതി : 15 ഫെബ്രുവരി, 1987

| ക്രമ നം. | ടൂർണമെന്റിന്റെ പേര് | വർഷം | നേട്ടം |
|---|---|---|---|
| 1. | ഏഷ്യ കപ്പ് | 2019 | പങ്കാളിത്തം |
| 2. | ഏഷ്യാ കപ്പ് യോഗ്യതാ മത്സരങ്ങൾ | 2018-2019 | പങ്കാളിത്തം (യോഗ്യത നേടി) |
| 3. | കമ്പോഡിയ, മ്യാൻമർ, ചൈന, ജോർദ്ദാൻ എന്നീ രാജ്യങ്ങൾക്കെതിരെ അന്താരാഷ്ട്ര സൗഹൃദ മത്സരങ്ങൾ | 2017 | പങ്കാളിത്തം |
| 4. | മ്യാൻമർ, മക്കാവു എന്നീ രാജ്യങ്ങൾക്കെതിരെ ഏഷ്യാ കപ്പ് യോഗ്യതാ മത്സരങ്ങൾ | 2017 | പങ്കാളിത്തം |
| 5. | ചൈനീസ് തായ്പേയ്, കെനിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങൾക്കെതിരെ ഇന്റർകോണ്ടിനെന്റൽ ടൂർണമെന്റ് | 2018 | വിന്നർ |
| 6. | സെന്റ് കിറ്റ്സ് & നെവിസ്, മൗറീഷ്യസ് എന്നീ രാജ്യങ്ങൾക്കെതിരെ ത്രിരാഷ്ട്ര സൗഹൃദ മത്സങ്ങൾ | 2017 | വിന്നർ |

## ശ്രീ. റിനോ ആന്റോ

ജനനത്തീയതി : 3 ജനുവരി, 1988

| ക്രമനം. | ടൂർണമെന്റിന്റെ പേര് | വർഷം | നേട്ടം |
|---|---|---|---|
| 1. | 2018 ഫിഫ ലോക കപ്പ് യോഗ്യതാ മത്സരങ്ങൾ | 2015 | പങ്കാളിത്തം |
| 2. | നേപ്പാളിനെതിരെ അന്താരാഷ്ട്ര സൗഹൃദ മത്സരം | 2015 | പങ്കാളിത്തം |
| 3. | 2019 ഏഷ്യാ കപ്പ് യോഗ്യതാ പ്ലേ ഓഫ് മത്സരങ്ങൾ | 2016 | പങ്കാളിത്തം |

| | | | |
|---|---|---|---|
| 4. | സന്തോഷ് ട്രോഫി | 2013 | രണ്ടാം സ്ഥാനം |

**5.** 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായി പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം ഒളിമ്പിക്സ്, ലോക കപ്പ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസ് എന്നിവയിൽ നിശ്ചിത കായികനേട്ടങ്ങളുള്ളവർക്ക് അപേക്ഷിക്കാൻ അർഹതയുണ്ടായിരുന്നു. മറ്റ് അന്താരാഷ്ട്ര തലത്തിലുള്ള കായികനേട്ടങ്ങളൊന്നും നിയമനത്തിനായി പരിഗണിച്ചിട്ടില്ല. ഇന്ത്യൻ സീനിയർ ഫുട്ബോൾ ടീം ഈ പറഞ്ഞ മത്സരങ്ങളിലൊന്നും പങ്കെടുക്കാറില്ലെന്ന് ഇവർ ആരോപിച്ചിട്ടുണ്ട്. ശ്രീ. പ്രദീപ് എൻ പി ക്ക് 2004-2009 കാലയളവിലും ശ്രീ. റിനോ ആന്റോ-ക്ക് 2013-2014 കാലയളവിലും അപേക്ഷിക്കാൻ അർഹതയുണ്ടായിരുന്നു. എന്നാൽ ഇവർ നിശ്ചിത സമയത്ത് അപേക്ഷകൾ സമർപ്പിച്ചിട്ടില്ല. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ കായികനേട്ടങ്ങൾ 2019 ന് മുമ്പായതിനാൽ ഇവർക്ക് 2020 - 2024 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമങ്ങൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അപേക്ഷ സമർപ്പിക്കാനാകില്ല. അഖിലേന്ത്യ അന്തർ സർവ്വകലാശാല മത്സരങ്ങളിൽ വെങ്കലമെഡൽ ജേതാക്കൾക്ക് പോലും നിയമനം ലഭിച്ചപ്പോൾ അന്താരാഷ്ട്ര കായികതാരങ്ങളുടെ അപേക്ഷകൾ നിരസിച്ചതായും ആരോപണമുള്ളതാണ്. 2019 ന് മുമ്പുള്ള കായികനേട്ടങ്ങളായതിനാൽ 2020 - 24 വർഷങ്ങളിലേക്ക് നീക്കിവെച്ചിട്ടുള്ള ഒഴിവുകൾ കുറവ് വരുത്തി നിയമനം നൽകാനും സാധിക്കില്ല. ഇവരെ ഭാവിയിലെ നിയമനങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ നിന്ന് കുറവ് വരുത്താതെ നിയമനം നൽകുന്നതാണ് ഏക പരിഹാരം. ഇവർക്ക് 36 വയസ് പൂർത്തിയായിട്ടുള്ളതിനാൽ പ്രായപരിധിയിൽ ഇളവ് നൽകേണ്ടതുണ്ടെങ്കിലും ഇവരെ

നിയമിക്കുന്നതിനായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യമില്ല.

**6.** ഈ വിഷയത്തിൽ കായിക യുവജനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമായിരുന്നു.

*സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ, പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ഫുഡ്ബോൾ താരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവർക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അപേക്ഷ നൽകാനുള്ള സാധ്യത കൂടി പരിശോധിച്ചതിനു ശേഷം പ്രത്യേക പരിഗണനയിൽ ജോലി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ് ഉചിതം എന്ന് അറിയിക്കുന്നു.*

**7.** ഫയൽ ചംക്രമണം ചെയ്തപ്പോൾ ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരെ പ്രത്യേക പരിഗണന നൽകി നിയമനത്തിന് പരിഗണിക്കാമെന്ന് ബഹു. കായിക മന്ത്രി അഭിപ്രായപ്പെട്ടു. കൂടാതെ ശ്രീ. അനസ് എടത്തൊടിക 2019 ലെ ഏഷ്യാ കപ്പിൽ പങ്കെടുത്തിട്ടുള്ളതിനാൽ പ്രായപരിധിയിൽ ഇളവ് നൽകിയാൽ ടിയാന് അടുത്ത ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും നിയമനത്തിന് പരിഗണിക്കാവുന്നതാണെന്നും ബഹു. കായിക മന്ത്രി അഭിപ്രായപ്പെട്ടു. ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആന്റോ എന്നിവരുടെ മികവ് കണക്കിലെടുത്ത്, പ്രത്യേക കേസായി പരിഗണിച്ച് നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**8.** ഫയൽ കരട് കുറിപ്പുകൾ സഹിതം സമർപ്പിച്ചപ്പോൾ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തിയും കായിക, ധനകാര്യ വകുപ്പുകളുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിയും കുറിപ്പുകൾ ഭേദഗതി വരുത്തുവാൻ

ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

1. മൂന്നു കായിക താരങ്ങൾക്ക് നിയമനം നൽകിയാൽ പ്രസ്തുത ഒഴിവുകൾ 2020–24 ലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായുള്ള ഒഴിവുകളിൽ നിന്നും കുറവുചെയ്യാൻ സാധിക്കുമോ
2. നിലവിൽ ശിപാർശ ചെയ്തിട്ടുള്ളവരെ ഏത് വകുപ്പിൽ ഏത് തസ്തികയിൽ നിയമിക്കും
3. അവർ സജീവ കായിക രംഗത്ത് തുടരുന്നവരാണോ വിരമിച്ചവരാണോ

**9.** 2020 വർഷത്തെ നിയമനത്തിനായി പരിഗണിക്കുന്നത് 01/04/2018 മുതൽ 31/03/2020 വരെയുള്ള കായികനേട്ടങ്ങളാണ്. ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരുടെ കായികനേട്ടങ്ങൾ 2018 ന് മുമ്പുള്ളതായതിനാൽ ഇവരെ നിയമിക്കുന്നതിനായി 2020 – 2024 വർഷങ്ങളിലെ ഒഴിവുകൾ കുറയ്ക്കാൻ സാധിക്കില്ല. 11/09/2023 ലെ സ.ഉ.(കൈ) നം. 144/2023/ജിഎഡി പ്രകാരം 2010 – 2014 കാലയളവിൽ 41 കായികതാരങ്ങളെ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ ശ്രീമതി ഡയാന ടി ഇമ്മാനുവൽ, ശ്രീമതി സുഗിന എം എന്നിവർ ജോലിയിൽ പ്രവേശിച്ചിട്ടില്ല. അപേക്ഷകരില്ലാത്തതിനാൽ ഈ രണ്ട് ഒഴിവുകളും നാളിതുവരെ നികത്തിയിട്ടില്ല. ഈ ഒഴിവുകൾ 2015 – 2019 വർഷങ്ങളിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ ഈ കുറിപ്പിൽ ശിപാർശ ചെയ്തിട്ടുള്ള രണ്ട് പേരെ 2010 – 2014 കാലയളവിലെ നികത്തപ്പെടാത്ത ഈ രണ്ട് ഒഴിവുകളിൽ ഉൾപ്പെടുത്താവുന്നതാണ്.

**10.** ശ്രീ. അനസ് എടത്തൊടിക 2019 ലെ ഏഷ്യ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തിട്ടുണ്ട് എന്നതിനാൽ ടിയാൻ 2020 ലെ ഒഴിവിൽ അപേക്ഷിക്കാൻ അർഹനാണ്. അതിനാൽ ടിയാനെ നിയമിക്കുന്നതിനായി 2020 ൽ നിന്നും ഒരു ഒഴിവ് കുറവ് വരുത്താവുന്നതാണ്. എന്നാൽ 06/03/2026 ലെ എസ്ഡി1/96/2023/ജിഎഡി പാർട്ട് (1) പ്രകാരം 2020 – 2024 വർഷങ്ങളിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

**11.** ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്.

കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്നത് ഒന്നുകിൽ സ്പോർട്സ് കോട്ട നിയമന പദ്ധതി പ്രകാരമോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക കായിക നേട്ടത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ തീരുമാന പ്രകാരം പ്രത്യേക കേസായി നിയമനം നൽകിയോ ആണ്. ഈ കേസിൽ ഈ രണ്ട് രീതിയിലുള്ള നിയമനങ്ങളും പരിഗണിക്കാൻ കഴിയില്ല എന്ന് കാണുന്നു. എന്നാൽ മൂന്നു കായികതാരങ്ങൾക്കും സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന കാര്യം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ. പ്രദീപ് എൻ പി, ശ്രീ. അനസ് എടത്തൊടിക, ശ്രീ. റിനോ ആൻറോ എന്നിവർക്ക് സർക്കാർ സർവീസിൽ നിയമനം ലഭിക്കാൻ തരത്തിലുള്ള യോഗ്യത ഉണ്ടോ എന്ന കാര്യം ഭരണ വകുപ്പ് പരിശോധിക്കണം എന്നും അത്തരത്തിൽ പരിഗണിയ്ക്കപ്പെടാൻ യോഗ്യരാണ് എങ്കിൽ ശ്രീ. അനസ് എടത്തൊടിക 2019 ലെ ഏഷ്യാ കപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുള്ളതിനാൽ 2020 വർഷത്തെ സ്പോർട്സ് കോട്ട നിയമന പദ്ധതിയിലെ ഒരു ഒഴിവ് കുറവ് വരുത്തണം എന്ന നിബന്ധനയിൽ ശ്രീ. അനസ് എടത്തൊടികയ്ക്ക് നിയമനം നൽകുന്ന കാര്യം പരിഗണിയ്ക്കുന്നതിൽ ധന വകുപ്പിന് എതിർപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

2010-2014 കാലയളവിലെ നിയമനവുമായി ബന്ധപ്പെട്ട് 11/09/2023 ലെ സ.ഉ.(കൈ)നം. 144/2023/ജിഎഡി പ്രകാരം നിയമനം നൽകിയ 41 കായികതാരങ്ങളിൽ 2 പേർ (ശ്രീമതി സുഗിന എം, ശ്രീമതി ഡയാന ടി ഇമ്മാനുവൽ) ജോലിയിൽ പ്രവേശിച്ചിട്ടില്ല, ടി ഒഴിവുകൾ മറ്റ് തരത്തിൽ നികത്തിയിട്ടില്ല എന്ന് ഭരണ വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ഒഴിവുകളിൽ ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവർക്ക് നിയമനം നൽകുന്നതിൽ ധന വകുപ്പിന് എതിർപ്പില്ല എന്നും അറിയിക്കുന്നു. മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആൻറോ എന്നിവർക്ക് 11/09/2023 ലെ സ.ഉ.(കൈ)നം. 144/2023/ജിഎഡി പ്രകാരം നിയമനം നൽകിയ 41 കായികതാരങ്ങളിൽ ശ്രീമതി സുഗിന എം, ശ്രീമതി ഡയാന ടി ഇമ്മാനുവൽ എന്നിവർക്ക് നിയമനം നൽകാൻ അനുമതി നൽകിയിരുന്ന സമാന തസ്തികയിൽ നിയമനം നൽകാമെന്നും ശ്രീ. അനസ് എടത്തൊടികയ്ക്ക് ടിയാന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികയിൽ നിയമനം നൽകാനുമുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി മന്ത്രിസഭ യോഗത്തിനു മുമ്പാകെ സമർപ്പിയ്ക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ

*അറിയിക്കുന്നു. ടിയാളുകളെ ഏതെങ്കിലും വകുപ്പിലെ റഗുലർ തസ്തികയിൽ നിയമിക്കണം എന്നും ഒഴിവ് ഇല്ലാത്ത പക്ഷം താൽക്കാലിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കണം എന്നും അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.*

*മേൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക' എന്ന് ഇതേ തീയതിയിൽ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് എന്നും അറിയിക്കുന്നു.*

**12.** ഈ കുറിപ്പിൽ ശിപാർശ ചെയ്തിട്ടുള്ള മൂന്ന് പേർക്കും എസ്.എസ്.എൽ.സി യോഗ്യതയുള്ളതിനാൽ ഇവർക്ക് ഏതെങ്കിലും വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാൻ അർഹതയുണ്ട്. ഇവർക്ക് 3 പേർക്കും 38 വയസ് കഴിഞ്ഞതിനാൽ കായികരംഗത്തെ സ്ഥിതി നോക്കാതെ തന്നെ റെഗുലർ ഒഴിവിൽ നിയമനം ലഭിക്കാനർഹതയുണ്ട് (20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/ജിഎഡി പ്രകാരം). അതിനാൽ ശ്രീ. പ്രദീപ് എൻ പി യെ ജലസേചന വകുപ്പിലും ശ്രീ. റിനോ ആന്റോ യെ രജിസ്ട്രേഷൻ വകുപ്പിലും ശ്രീ. അനസ് എടത്തൊടിക യെ പോലീസ് വകുപ്പിലും ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമിക്കാവുന്നതാണ്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

(1) കേരളത്തിൽ നിന്നുള്ള മുൻ ഇന്ത്യൻ അന്താരാഷ്ട്ര ഫുട്ബോൾ കായികതാരങ്ങളായ ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ, ശ്രീ. അനസ് എടത്തൊടിക, എന്നിവരെ ടിയാളുകളുടെ കായികനേട്ടങ്ങൾ പ്രത്യേക കേസായി പരിഗണിച്ച്, ചുവടെ ചേർക്കും പ്രകാരം സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?

(എ) ശ്രീ. പ്രദീപ് എൻ പി, ശ്രീ. റിനോ ആന്റോ എന്നിവരെ യഥാക്രമം ജലസേചനം, രജിസ്ട്രേഷൻ വകുപ്പുകളിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ

ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ, 2010 – 2014 കാലയളവിൽ പൊതുവിഭാഗത്തിൽ നികത്തപ്പെടാതെ (അർഹരായ അപേക്ഷരില്ലാത്തതിനാൽ) ശേഷിക്കുന്ന രണ്ട് ഒഴിവുകളിൽ ഉൾപ്പെടുത്തി നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?

(ബി) 2020 – 2024 വർഷങ്ങളിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കായുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 2020 വർഷത്തിൽ നിന്നും ഒരു ഒഴിവ് കുറവ് ചെയ്ത് ശ്രീ. അനസ് എടത്തൊടിക യെ പോലീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ളതോ ആദ്യം ഉണ്ടാകുന്നതോ ആയ റെഗുലർ ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?